## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 5699 : 27.10.2011 ൽ മറുപടിയ്ക്ക്

### ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ജോബ് ഫെസ്റ്റ്

| ചോദ്യം. | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ സാധ്യത കൂടുതലുള്ള വിവിധ യൂണിവേഴ്സിറ്റി കോഴ്സുകളെ സംബന്ധിച്ചും, അത്തരം കോഴ്സുകൾ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ആണ് ഉള്ളതെന്നും സംബന്ധിച്ച വിശദാംശങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്; | (എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ കേരളത്തിലെ ഏഴ് സർവ്വകലാശാലകളോടനുബന്ധിച്ച് 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളും കൂടാതെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 14 ജില്ലാ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. തൊഴിൽപരവും വിദ്യാഭ്യാസ പരവുമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഈ യൂണിറ്റുകൾ വഴി യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നൽകുന്നുണ്ട്. കൂടാതെ വിവിധ റിക്രൂട്ടിംഗ് ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കായി പരിശീലന ക്ലാസ്സുകളും നടത്തിവരുന്നു. വിവിധ യൂണിവേഴ്സിറ്റി കോഴ്സുകളെ സംബന്ധിച്ചും അവ ഏതെല്ലാം യൂണിവേഴ്സിറ്റികളിലാണ് ഉള്ളതെന്നും സംബന്ധിച്ച വിവരങ്ങൾ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോകളിൽ നിന്നും അറിയുവാൻ സാധിക്കുന്നതാണ്. അതിനു പുറമേ ഈ ബ്യൂറോകളിലെ ഡെപ്യൂട്ടി ചീഫുമാർ അവരുടെ അധികാരപരിധിയിലുള്ള കോളേജുകളിൽ ഓരോ മാസവും നടത്തി വരാറുള്ള കരിയർ പ്രഭാഷണങ്ങൾ/കരിയർ ക്ലാസ്സുകൾ എന്നിവയിൽ വിവിധ യൂണിവേഴ്സിറ്റികൾ നടത്തിവരുന്ന കോഴ്സുകളെ സംബന്ധിച്ചും അവയുടെ ജോലി സാധ്യതകളെക്കുറിച്ചും വിശദമായി പ്രതിപാദിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) തൊഴിൽ അന്വേഷകരെ സഹായിക്കുന്നതിനായി തൊഴിൽ ദാതാക്കളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന "ജോബ് ഫെസ്റ്റുകൾ" ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) പാലക്കാട് ജില്ലയിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുമ്പോൾ അത് ഒറ്റപ്പാലത്തുവച്ചു നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ